യാകുമ്പോൾ സംസ്ഥാനം വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് അടുത്തു വരികയാണ്. പ്രസരണ-വിതരണ രംഗത്തു 220 കെ. വി. സബ് സ്റ്റേഷനുകളും പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും, മുന്ന് 66 കെ.വി സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും രണ്ടായിരാമാണ്ടോടെ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇവയും യഥായാവസരം പൂർത്തിയാക്കാൻ കഴിഞ്ഞാൽ പ്രസരണ-വിതരണ മേഖലകളും സ്വയം പര്യാപ്തമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി)&(ഇ) പുതുതായി ആരംഭിച്ചിട്ടില്ല. എന്നാൽ വൈകിട്ട് 6.30 മുതൽ രാത്രി 9.30 വരെയുണ്ടായിരുന്ന ലോഡ് ഷെഡിംഗ് വൈകിട്ട് 6 മണി മുതൽ രാത്രി 9 മണി വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്.

(എഫ്)&(ജി) റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്.

65 (231) വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.എ. തോമസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സബ്സ്റ്റേഷനുകൾ ഏതെല്ലാം;

(സി) പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിക്കുന്നുണ്ടെങ്കിലും നിലവിലുള്ള അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) എന്നത്തേക്ക് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 3 വർഷവും അതിന് മുൻപുള്ള 3 വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ള സബ് സ്റ്റേഷനുകളുടെയും കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) പുതിയ സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

(2) നിലവിലുള്ള സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കൽ.

(3) നിലവിലുള്ള പ്രസരണ ലൈനുകളിലെ ശേഷി കുറഞ്ഞ കമ്പികൾ മാറ്റി ശേഷികൂടിയ കമ്പികൾ സ്ഥാപിക്കൽ

(4) നിലവിലുള്ള ചില 66 കെ.വി ലൈനുകളുടെ ശേഷി വർദ്ധിപ്പിച്ച് 110 കെ.വി. യാക്കുക.

(5) ആർ.ഇ.സി.യുടെ സഹായത്തോടെ സംസ്ഥാനത്ത് ആവശ്യമായ സ്ഥലങ്ങളിൽ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുക.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) വിശദാംശങ്ങൾ (എ) വിഭാഗത്തിനുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിക്കുന്നുണ്ടെങ്കിലും ഉപഭോഗം ഏറ്റവും കൂടുതലുള്ള പീക്ക് ലോഡ് സമയങ്ങളിൽ ആവശ്യമായത്ര വൈദ്യുതി നൽകുന്നതിന് പ്രസരണ വിതരണ ശൃംഖലയുടെ ശേഷിക്കുറവും സബ് സ്റ്റേഷനുകളിലെ ഉപകരണങ്ങളുടെ ശേഷിക്കുറവും മൂലമാണ് ഇപ്പോഴും ലോഡ്ഷെഡ്ഡിംഗ് പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കാതെ വരുന്നത്. ഇതു തരണം ചെയ്യുന്നതിനായി നിലവിലുള്ള പ്രസരണവിതരണലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ മുതലായ ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(ഇ) സിസ്റ്റം കുറ്റമറ്റതാക്കുന്ന ജോലി പൂർത്തിയാക്കുന്നതോടുകൂടി പിൻവലിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുള്ള 3 വർഷം അധികമായി 15.5 മെഗാവാട്ട് കൂട്ടിച്ചേർത്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 3 വർഷം (3/99 വരെ) 578.1 മെഗാവാട്ട് അധികമായി കൂട്ടിച്ചേർത്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള മൂന്നു വർഷം 23 സബ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

66 (232) വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസത്തേക്ക് എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്; ഇതിൽ എത്രയാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്;

(ബി) വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത എന്നത്തേക്ക് കൈവരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly